(ബി) നിർദ്ദേശം നൽകിയിട്ടില്ല.

(സി) നിലവിൽ നിർഭയ ഷെൽട്ടർ ഹോമുകൾ സർക്കാർ മേൽനോട്ടത്തിൽ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയാണ് പ്രവർത്തിച്ചുവരുന്നത്.

(ഡി) നിർഭയ ഷെൽട്ടർ ഹോമിന്റെ നടത്തിപ്പിന് യാതൊരു യൂസർഫീയും ഏർപ്പെടുത്തിയിട്ടില്ല. അപ്രകാരമുള്ള ഒരു നിർദ്ദേശവും പരിഗണനയിലില്ല.

ഇടുക്കി നിയോജകമണ്ഡലത്തിലെ ക്ഷേമ പ്രവർത്തനങ്ങൾ

317(1696) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ നീതി വകുപ്പുവഴി ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ ക്ഷേമ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

വിവരം ശേഖരിച്ചുനൽകുന്നതാണ്.

പോഷകാഹാര വിതരണ പദ്ധതി

318(1697) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പോഷകാഹാര വിതരണ പദ്ധതിയിലൂടെ കുട്ടികൾക്ക് വേണ്ടത്ര പ്രയോജനം ലഭിക്കുന്നുവെന്ന് ഉറപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; സംസ്ഥാനത്ത് 2014-15 വർഷത്തിൽ എത്ര കുട്ടികൾക്കാണ് പ്രസ്തുത പദ്ധതിയിലൂടെ പ്രയോജനം ലഭിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

അങ്കണവാടി തലത്തിൽ കുട്ടികളുടെ ഗ്രോത്ത് മോണിറ്ററിംഗ് നടത്തി പോഷകാഹാര വിതരണത്തിലൂടെയുള്ള പ്രയോജനം ഉറപ്പാക്കുന്നു. പഞ്ചായത്ത് തലത്തിൽ സൂപ്പർവൈസറും ബ്ലോക്ക് തലത്തിൽ വികസന പദ്ധതി ഓഫീസറും ജില്ലാതലത്തിൽ പ്രോഗ്രാം ഓഫീസറും മോണിറ്ററിംഗ് നടത്തുന്നുണ്ട്. കൂടാതെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന പോഷകാഹാരത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ലാബ് പരിശോധനയും നടത്തിവരുന്നു. 2014-15 വർഷത്തിൽ 845358 കുട്ടികൾക്ക് അങ്കണവാടികൾ വഴി പോഷകാഹാരം വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly